**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.828** **30.11.2018 -ലെ മറുപടിക്ക്**

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ - പുനരധിവാസം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഇക്കഴിഞ്ഞ പ്രളയത്തിൽ വീട് നഷ്ടപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (എ) | ഉണ്ട്.<br>അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു. |
| (ബി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ നിർമ്മിച്ചുകൊണ്ടിരിക്കുന്ന വീടുകൾ പ്രളയത്തിൽ തകർന്നകാര്യം വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്.<br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട 8 ഗുണഭോക്താക്കളുടെയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 24 ഗുണഭോക്താക്കളുടെയും നിർമ്മാണത്തിലിരുന്ന വീടുകൾ പ്രളയത്തിൽ തകർന്നിട്ടുണ്ട്. |
| (സി) | ഇവർക്ക് പുതിയ വീടുകൾ നിർമ്മിക്കുവാൻ ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | പ്രളയത്തിൽ പൂർണ്ണമായും തകർന്ന പട്ടികജാതി വിഭാഗക്കാരുടെ വാസയോഗ്യമല്ലാത്ത ഭവനങ്ങൾ പുനർനിർമ്മിക്കുന്നതിന് 4 ലക്ഷം രൂപ നിരക്കിൽ ധനസഹായം അനുവദിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.<br>പട്ടികവർഗ്ഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവനങ്ങൾ പുനർനിർമ്മിക്കുന്നതിനാവശ്യമായ ധനസഹായം വകുപ്പിന്റെ ഭവന നിർമ്മാണ ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ അവരുടെ ആവാസ വ്യവസ്ഥയിൽ നിന്ന് മാറിപോകുവാൻ താല്പര്യം കാണിക്കാത്തതിനാൽ അവരുടെ മേഖലകളിൽ തന്നെ പുനർനിർമ്മാണം | (ഡി) | ആവാസവ്യവസ്ഥയിൽ നിന്നും മാറുന്നതിന് വിമുഖത പ്രകടിപ്പിക്കുന്ന പട്ടികജാതി വിഭാഗങ്ങൾക്ക് വാസയോഗ്യമായ 5 സെന്റ് ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപ പരിധിയ്ക്ക് വിധേയമായി ധനസഹായം അനുവദിക്കുന്നു.<br>പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ വസിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാരുടെ |

| | | | |
|---|---|---|---|
| | നടത്തുന്നതിനുവേണ്ട പദ്ധതികൾ ആവിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | | കോളനികളിൽ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ, മറ്റ് ബന്ധപ്പെട്ട ഏജൻസികളുടെ സഹായത്തോടെ സർവ്വേ നടത്തിവരുന്നു. റിപ്പോർട്ട് ലഭ്യമാകുന്നതനുസരിച്ചും, നാശനഷ്ടം സംഭവിച്ച കോളനികളുടെ സമീപ സ്ഥലങ്ങളിൽ സ്ഥല ലഭ്യതയനുസരിച്ചും മാത്രമേ ഇത്തരത്തിലുള്ള പുനർനിർമ്മാണം സാധ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## പ്രളയത്തിൽ പൂർണ്ണമായും വീട് നഷ്ടപ്പെട്ടവരുടെ ജില്ല തിരിച്ചുള്ള എണ്ണം

### പട്ടികജാതി വികസന വകുപ്പ്

| ക്രമ നം. | ജില്ല | പൂർണ്ണമായി തകർന്ന വീടുകൾ |
|---|---|---|
| 1 | തിരുവനന്തപുരം | 75 |
| 2 | കൊല്ലം | 5 |
| 3 | പത്തനംതിട്ട | 234 |
| 4 | ആലപ്പുഴ | 166 |
| 5 | കോട്ടയം | 331 |
| 6 | ഇടുക്കി | 65 |
| 7 | എറണാകുളം | 373 |
| 8 | തൃശ്ശൂർ | 971 |
| 9 | പാലക്കാട് | 265 |
| 10 | മലപ്പുറം | 98 |
| 11 | കോഴിക്കോട് | 12 |
| 12 | വയനാട് | 131 |
| 13 | കണ്ണൂർ | 6 |
| 14 | കാസർഗോഡ് | 1 |
| **ആകെ** | | **2733** |

### പട്ടികവർഗ്ഗ വികസന വകുപ്പ്

| ക്രമ നം. | ജില്ല | പൂർണ്ണമായി തകർന്ന വീടുകൾ |
|---|---|---|
| 1 | തിരുവനന്തപുരം | 4 |
| 2 | കൊല്ലം | 1 |
| 3 | പത്തനംതിട്ട | 5 |
| 4 | കോട്ടയം | 64 |
| 5 | ഇടുക്കി | 115 |
| 6 | എറണാകുളം | 6 |
| 7 | തൃശ്ശൂർ | 2 |
| 8 | പാലക്കാട് | 27 |
| 9 | മലപ്പുറം | 25 |
| 10 | കോഴിക്കോട് | 5 |
| 11 | വയനാട് | 111 |
| 12 | കണ്ണൂർ | 3 |
| 13 | കാസർഗോഡ് | 37 |
| **ആകെ** | | **405** |

സെക്ഷൻ ഓഫീസർ